## പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 646 — 11.06.2013 ൽ മറുപടിക്ക്

## ദർഘാസ് പ്രക്രിയകൾക്കായി ഇ-പേയ് മെൻറ് സംവിധാനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. സി.പി. മുഹമ്മദ്<br>ശ്രീ. വർക്കല കഹാർ | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി<br>(വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |

| | ചോദ്യം | | മറുപടി |
|---|---|---|---|
| (എ) | സർക്കാർ വകുപ്പുകളിൽ ഇ -പ്രൊക്യൂർമെന്റ് സംവിധാനത്തിന് തുടക്കമിട്ടിട്ടുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പ്രസ്തുത സംവിധാനത്തിൻെറ ഉദ്ദേശ്യ ലക്ഷ്യങ്ങൾ വിശദമാക്കുമോ ; | (ബി) | കരാർ/ടെൻഡർ പ്രക്രിയുടെ സുതാര്യതയും തുറന്ന മത്സരവും ടെൻഡറുകളുടെ രഹസ്യ സ്വഭാവവും കാത്തു സൂക്ഷിക്കുക, ടെൻഡർ നടപടികളിലെ കാലതാമസം ഒഴിവാക്കി സമയ ബന്ധിതമായി ടെൻഡർ പ്രക്രിയ പൂർത്തീകരിക്കുക, സർക്കാർ ചെലവ് ഗണ്യമായി കുറയ്ക്കുക എന്നിവയാണ് ഇ- പേയ് മെൻറ് / ഇ - പ്രൊക്യൂർമെന്റ് എന്ന കടലാസു രഹിത സംവിധാനത്തിൻെറ പ്രധാന ഉദ്ദേശ്യ ലക്ഷ്യങ്ങൾ |
| (സി) | സർക്കാർ വകുപ്പുകളിലെ ദർഘാസ് പ്രക്രിയകളുടെ സുതാര്യതയും കാര്യക്ഷമതയും ഉറപ്പ് വരുത്തുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത സംവിധാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത് ; വിശദമാക്കുമോ; | (സി) & (ഡി) | ഇ-പേയ് മെൻറ് സംവിധാനത്തിൻെറ പ്രധാന സവിശേഷതകളും ഇതിലൂടെ ലഭ്യമാകുന്ന സേവനങ്ങളും ചുവടെ ചേർക്കുന്നു.<br>• ടെൻഡറുകളുടെ രൂപീകരണം, പ്രസിദ്ധീകരണം, സമർപ്പണം എന്നിവ ഓൺലൈൻ മുഖേന ഡിജിറ്റൽ സിഗ്നേച്ചറിൻെറ സഹായത്തോടെ സാധ്യമാകുന്നു.<br>• 24 മണിക്കൂറും ടെൻഡർ സമർപ്പിക്കുന്നതിനുള്ള സൗകര്യം<br>• ഏതു സമയത്തും എവിടെ നിന്നും ടെൻഡറുകൾ സമർപ്പിക്കാനുള്ള സൗകര്യം<br>• ഓൺ ലൈനായി ടെൻഡർ തുറക്കുന്നതിനുള്ള സൗകര്യം<br>• ടെൻഡർ ഫീസ്, നിരതദ്രവ്യം എന്നിവ ഓൺലൈനിലൂടെ അടക്കാനുള്ള സംവിധാനം.<br>• ടെൻഡറിൽ വിജയിക്കാത്തവർക്ക് അവരുടെ നിരത ദ്രവ്യം കാലതാമസമില്ലാതെ തിരികെ നല്കുന്നതിനുള്ള സംവിധാനം.<br>• ദർഘാസുകൾ തുറക്കുന്ന സമയത്ത് മാത്രം വിശദാംശങ്ങൾ ലഭിക്കുമെന്നതിനാൽ ടെണ്ടർ പ്രക്രിയയുടെ രഹസ്യ സ്വഭാവം കാത്തു സൂക്ഷിക്കുവാൻ കഴിയുന്നു. |
| (ഡി) | എന്തെല്ലാം സേവനങ്ങളും സൗകര്യങ്ങളുമാണ് പ്രസ്തുത സംവിധാനം വഴി ലഭിക്കുന്നത്; വിശദമാക്കുമോ ? | | |

സെക്ഷൻ ഓഫീസർ